'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. മനോജിന് സാഹിത്യ രചനകൾ നടത്തുവാനും, ആനുകാലികങ്ങളിൽ രചനകൾ പ്രസിദ്ധീകരിക്കുന്നതിനുമുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1975/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/09/2019

---

പരാമർശം:- 1 ശ്രീ. എസ്. മനോജിന്റെ 15.10.2018-ലെ അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 20.11.2018-ലെ PAN/25672/2018-E1(DP) നമ്പർ കത്ത്.

ഉത്തരവ്

സാഹിത്യ രചനകൾ നടത്തുവാനും, ആനുകാലികങ്ങളിൽ രചനകൾ പ്രസിദ്ധീകരിക്കുന്നതിനുമുള്ള അനുമതിക്കായി, എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. മനോജിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. മനോജിന്, 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസൊ പ്രകാരവും ചട്ടം 62, ചട്ടം 63 പ്രകാരവും ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ സാഹിത്യ രചനകൾ നടത്തുവാനും, ആനുകാലികങ്ങളിൽ രചനകൾ പ്രസിദ്ധീകരിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ ബി

ഡെപ്യൂട്ടിസെക്രട്ടറി

File No.LSGD-EPB1/415/2018-LSGD

1.ശ്രീ. എസ്. മനോജ്, സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. ഡയറക്ടർ,ഐ.കെ.എം.,തിരുവനന്തപുരം
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ( 14.02.2019 ലെ ADV-B2/25/2019-P& ARD നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ